കണ്ണൂർ സർവ്വകലാശാല
(സിംഗിൾ വിൻഡോ അഡ്മിഷൻ സെൽ)

നം.അക്കാദ്/ SWC/4056/2019 തീയ്യതി: 15/ 07/2019

# പ്രസിദ്ധീകരണത്തിന്

## എസ്.സി/എസ്.ടി സ്പോട്ട് അഡ്മിഷൻ ജൂലൈ 16 ന്

അഞ്ചാം അലോട്ട്മെന്റിനുശേഷം എസ്.സി/എസ്.ടി വിഭാഗത്തിൽ വന്നിട്ടുള്ള ഒഴിവുകളിലേക്ക് ജൂലൈ 16 ന് കണ്ണൂർ സർവ്വകലാശാല താവക്കര കാമ്പസിലെ ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ വെച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. എസ്.സി/എസ്.ടി വിഭാഗത്തിൽ വിവിധ കോളേജുകളിൽ വന്നിട്ടുള്ള ഒഴിവുകളുടെ വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താൽപര്യമുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ജൂലൈ 16 ന് രാവിലെ 11 മണിക്കു മുൻപായി ആവശ്യമായ രേഖകൾ (യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, SSLC ബുക്ക് തുടങ്ങിയവയുടെ പകർപ്പുകൾ) സഹിതം കണ്ണൂർ സർവ്വകലാശാലയുടെ താവക്കര കാമ്പസിൽ ഹാജരായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. രാവിലെ 11മണിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. എസ്.സി/എസ്.ടി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളെ മാത്രമേ സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുകയുള്ളൂ. ഇതിനു മുൻപ് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

ഒപ്പ്/-
ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാദ്)
രജിസ്ട്രാർക്കു വേണ്ടി